## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2613** **24-06-2024 - ൽ മറുപടിയ്ക്ക്**

## കെ.എസ്.ഇ.ബി.യിലെ സബ് എഞ്ചിനീയർ നിയമനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി.യിൽ നിലവിൽ എത്ര സബ് എഞ്ചിനീയർമാരുടെ ഒഴിവുണ്ടെന്ന് അറിയിക്കാമോ; പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | സാങ്കേതിക വിദ്യയിലും പ്രസരണ വിതരണ വിഭാഗങ്ങളിൽ വന്ന മുന്നേറ്റങ്ങൾക്കനുസൃതമായും മറ്റ വിതരണ കമ്പനികളുമായി താരതമ്യം ചെയ്തും വൈദ്യുതി ബോർഡിൽ വിവിധ തസ്തികകളുടെ എണ്ണം 30321 ആയി നിജപ്പെടുത്തണമെന്ന കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 14.07.2022 തീയതിയിലെ നിർദ്ദേശവും തുടർന്ന് റീ-സ്ട്രക്ചറിംഗുമായി ബന്ധപ്പെട്ട് സർക്കാരിന്റെ 19.01.2024 തീയതിയിലെ കത്തിലെ നിർദ്ദേശപ്രകാരവും ആകെ തസ്തികകളുടെ എണ്ണം 30321 ആയി ക്രമപ്പെടുത്തുന്നതിനായി കെ.എസ്.ഇ.ബി.എൽ ഒരു കമ്മിറ്റി രൂപീകരിക്കുകയും കമ്മിറ്റി മേൽ വിഷയത്തിൻമേലുള്ള ഒരു റിപ്പോർട്ട് തയ്യാറാക്കുകയും, ആയത് വിവിധതലത്തിൽ ചർച്ച ചെയ്തുവരികയുമാണ്. കെ.എസ്.ഇ.ബി ലിമിറ്റഡിൽ റീ-സ്ട്രക്ചറിംഗ് പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ സബ് എഞ്ചിനീയർ തസ്തികയിലെ ഒഴിവുകൾ കൃത്യമായി നിശ്ചയിക്കാനാകൂ. ആയതിനുശേഷം കണ്ടെത്തുന്ന ഒഴിവുകളിൽ നിയമനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | കെ.എസ്.ഇ.ബി.യിലെ സബ് എഞ്ചിനീയർമാരുടെ ഒഴിവുകൾ സമയബന്ധിതമായി നികത്തുന്നതിന് സ്വീകരിക്കുന്ന നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ? | (ബി) | സാങ്കേതിക വിദ്യയിലും പ്രസരണ വിതരണ വിഭാഗങ്ങളിൽ വന്ന മുന്നേറ്റങ്ങൾക്കനുസൃതമായും മറ്റ വിതരണ കമ്പനികളുമായി താരതമ്യം ചെയ്തും വൈദ്യുതി ബോർഡിൽ വിവിധ തസ്തികകളുടെ എണ്ണം 30321 ആയി നിജപ്പെടുത്തണമെന്ന കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 14.07.2022 തീയതിയിലെ നിർദ്ദേശവും തുടർന്ന് റീ-സ്ട്രക്ചറിംഗുമായി ബന്ധപ്പെട്ട് സർക്കാരിന്റെ 19.01.2024 തീയതിയിലെ കത്തിലെ നിർദ്ദേശപ്രകാരവും ആകെ തസ്തികകളുടെ എണ്ണം 30321 ആയി ക്രമപ്പെടുത്തുന്നതിനായി കെ.എസ്.ഇ.ബി.എൽ ഒരു കമ്മിറ്റി രൂപീകരിക്കുകയും കമ്മിറ്റി മേൽ വിഷയത്തിൻമേലുള്ള ഒരു റിപ്പോർട്ട് |

| | | | |
|---|---|---|---|
| | | | തയ്യാറാക്കുകയും, ആയത് വിവിധതലത്തിൽ ചർച്ച ചെയ്തുവരികയുമാണ്. കെ.എസ്.ഇ.ബി ലിമിറ്റഡിൽ റീ-സ്ട്രക്ചറിംഗ് പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ സബ് എഞ്ചിനീയർ തസ്തികയിലെ ഒഴിവുകൾ കൃത്യമായി നിശ്ചയിക്കാനാകൂ. ആയതിനുശേഷം കണ്ടെത്തുന്ന ഒഴിവുകളിൽ നിയമനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ